**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.200 | 23-01-2018 ൽ മറുപടിയ്ക്ക്

**പെരിങ്ങോം ഫയർ സ്റ്റേഷൻ**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.സി.കൃഷ്ണൻ** | | **ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം, സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്ന നടപടികൾ ഏത് വരെ ആയെന്ന് വ്യക്തമാക്കാമോ; | എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഫയർ സ്റ്റേഷന് റൂറൽ ഫയർ സ്റ്റേഷൻ മാതൃകയിൽ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി റിവൈസ്ഡ് പ്ലാനും, എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം), ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത പ്ലാനും എസ്റ്റിമേറ്റും ലഭിയ്ക്കുന്ന മുറയ്ക്ക് ഫയർസ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. പെരിങ്ങോം സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനായി ഡയറക്ടർ ജനറൽ ലഭ്യമാക്കിയ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു. |
| ബി) | പ്രസ്തുത കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) | പ്രസ്തുത കെട്ടിട നിർമ്മാണങ്ങൾക്ക് ഭരണാനുമതി നൽകുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വിശദമാക്കാമോ; | സി) പെരിങ്ങോം ഫയർ & റെസ്ക്യൂ സ്റ്റേഷന്റെ കെട്ടിട നിർമ്മാണത്തിനായി 275 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും പ്ലാനും പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) ലഭ്യമാക്കിയിരുന്നു. ടി എസ്റ്റിമേറ്റും, പ്ലാനും, വകുപ്പ് തലത്തിൽ പരിശോധിക്കുകയും ആയത് റൂറൽ |

| | | |
|---|---|---|
| | | ഫയർ സ്റ്റേഷന്റെ മാതൃകയിൽ തയ്യാറാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ റിവൈസ്ഡ് പ്ലാനും എസ്റ്റിമേറ്റും ലഭ്യമാക്കുന്നതിന്, പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട് ഇപ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് ആവശ്യമായി വന്ന സാഹചര്യത്തിലാണ് കാലതാമസം ഉണ്ടായത്. |
| ഡി) | നടപടികൾ പൂർത്തിയാക്കി പ്രസ്തുത കെട്ടിടനിർമ്മാണങ്ങൾക്ക് എപ്പോൾ ഭരണാനുമതി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | ഡി) പൊതുമരാമത്ത് വകുപ്പിൽ നിന്നും പുതുക്കിയ പ്ലാനും എസ്റ്റിമേറ്റും ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിന് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ